TB Movie Club Weekly Review **#Movieclub**

VEERA DHEERA SHOORAN PART 2

എഴുതിയത് : **Mahesh Gopal**
ആദ്യത്തെ സീൻ തൊട്ട് എന്നല്ല.. ആദ്യത്തെ ഷോട്ട് മുതൽ തന്നെ നേരേ കഥയിലേക്കങ്ങ് ഇടിച്ചു കയറുകയാണ്.
അവിടം തൊട്ടങ്ങൊരു പോക്കാണ്..
ഓരോ കഥാപാത്രങ്ങളേയും പരിചയപ്പെടുത്തിയ രീതി. അവരിൽ ചിലരുടെയൊക്കെയുള്ള ട്രാൻസ്ഫോർമേഷൻ..
കഥയോട് ചേർന്നു നിൽക്കുന്ന കൊലമാസ് രംഗങ്ങൾ.
അതു കൊണ്ട് തന്നെ അത്തരം രംഗങ്ങൾ ഉണ്ടാക്കുന്ന മാരക ഇംപാക്ട് .
ഓരോ കഥാപാത്രങ്ങളെയും അവതരിപ്പിച്ച നടീനടന്മാരുടെ അവിസ്മരണീയ പ്രകടനം.
സ്ത്രീ കഥാപാത്രങ്ങൾക്ക് വരെ ഉള്ള ശക്തമായ പ്രാധാന്യം.
സുരാജ് വെഞ്ഞാറമൂടൊക്കെ അന്യായമാണ് '
അദ്ദേഹത്തിന്റെ അച്ഛൻ കഥാപാത്രം ചെയ്ത നടൻ..
SJ സൂര്യയുടെ പെർഫോമൻസ്..
എല്ലാം.. മാരകമാണ്. .
എന്തൊരു ഡയറക്ഷനാണ്..🔥🔥
എന്തൊരു എഴുത്താണ്..🔥🔥
സിനിമ ചെയ്യാൻ ആഗ്രഹിക്കുന്നവർക്കൊക്കെയുള്ള ഒരു text book ആണ് ഈ പടത്തിന്റെ സ്ക്രിപ്റ്റ്..
വിക്രത്തിന്റെ കഥാപാത്രത്തെ introduce ചെയ്ത ആ ഒരു രീതിയൊക്കെ വൻ രോമാഞ്ചമായിരുന്നു..
പുള്ളിയുടെ ആ ഒരു സ്ക്രീൻ പ്രസൻസ്..
പുള്ളിയുടെ പെർഫോമൻസെന്നൊക്കെ പറഞ്ഞാൽ അതിഗംഭീരമാണ്.
നമ്മളിങ്ങനെ വണ്ടറടിച്ച് നോക്കിയിരുന്നു പോകും.
റോഡിന്റെ നടുക്ക് ചുമ്മാതെ വന്നു നിൽക്കുന്നൊരു സീനുണ്ടായിരുന്നു..
തീയറ്റർ ഫുൾ കൈയ്യടിയായിരുന്നു..
പിന്നെ ക്ലൈമാക്സിലൊരു ഐറ്റമുണ്ട്.. നമ്മൾ എഴുന്നേറ്റു നിന്നു കൈയ്യടിച്ചു പോകും.
ഇതാണ് നമ്മളൊക്കെ കാത്തിരുന്ന വിക്രമിന്റെ യഥാർത്ഥ come back..🔥🔥🔥

ചിത്തയുടെ സംവിധായകൻ അതിനും മുകളിലുള്ള പടം തരുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല..
ഒരു ഫുൾ ഹൗസ് ഓഡിയൻസിന്റെ കൂടെ ഈ പടം ഒരു വട്ടം കൂടി കാണണം.
അപ്പൊഴേ ഇതിന്റെയൊരു യഥാർത്ഥ കിക്ക് കിട്ടു..
തീയറ്റർ നിറയാൻ ഇനി അധികം താമസമുണ്ടാകില്ല..
അജ്ജാതി വൈബ് പടം!!
വീര ധീര ശൂരൻ!!